"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിലെ ദേവികുളം ഭൂമി പതിവ് ഓഫീസിനും പീരുമേട് ഭൂമി പതിവ് ഓഫീസിനും തുടർച്ചാനുമതി അനുവദിച്ചും, പ്രസ്തുത ഓഫീസുകൾ തുടർച്ചാനുമതിയില്ലാതെ പ്രവർത്തിച്ചതും ടി കാലയളവിൽ ജീവനക്കാർക്ക് ശമ്പളം അനുവദിച്ചതുമായ നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (സി) വകുപ്പ്**

സ.ഉ.(കൈ) നം.199/2023/RD തീയതി,തിരുവനന്തപുരം, 25-08-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം.201/2010/ആർ.ഡി. തീയതി 31.06.2010
2. സ.ഉ.(സാധാ) നം.3749/2011/ആർ.ഡി. തീയതി 01.09.2011
3. സ.ഉ.(കൈ) നം.403/2015/ആർ.ഡി. തീയതി 21.08.2015
4. സ.ഉ.(സാധാ) നം.6673/2015/ആർ.ഡി. തീയതി 16.12.2015
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02.02.2023, 26.06.2023 തീയതികളിലെ LR/1241/2021- LR (E8) നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ മൂന്നാർ മേഖലയിൽ നിലനിൽക്കുന്ന ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി, 01.01.1977 ന് മുൻപുള്ള വനഭൂമി കൈവശക്കാർക്ക് സുപ്രീംകോടതിയുടെ അനുമതി പ്രകാരം പട്ടയം നൽകുക, വൈദ്യുതി പ്രോജക്ടുകൾക്ക് വേണ്ടി മാറ്റി വയ്ക്കുകയും, പ്രോജക്ടുകൾ ഉപേക്ഷിച്ചത് മൂലം അവശേഷിക്കുന്നതുമായ ഭൂമിയിൽ കുടിയേറി താമസിക്കുന്നവർക്ക് ഭൂമി അളന്ന് തിരിച്ച് പട്ടയം നൽകുക തുടങ്ങി വിവിധ ഉദ്ദേശ്യങ്ങൾക്കായി ദേവികുളം കേന്ദ്രമാക്കി ഒരു ഡെപ്യൂട്ടി കളക്ടറുടെ മേൽനോട്ടത്തിൽ താല്കാലികമായി ഒരു സ്പെഷ്യൽ ലാൻഡ് അസൈൻമെന്റ് ഓഫീസ് രൂപീകരിച്ചുകൊണ്ടും, 2010-11 സാമ്പത്തിക വർഷം മുഴുവൻ ടി ഓഫീസ് പ്രവർത്തിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും, പ്രസ്തുത ലാൻഡ് അസൈൻമെന്റ് ഓഫീസിൽ അനുബന്ധം I ആയി ചേർത്തിട്ടുള്ള താല്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ദേവികുളം ലാൻഡ്

അസൈൻമെന്റ് ഓഫീസിന് 31.03.2012 വരെ ഒരു വർഷം കൂടി പരാമർശം (2) പ്രകാരം തുടർച്ചാനുമതി നൽകിയിരുന്നു.

2. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും 1993 ലെ കേരള ലാൻഡ് അസൈൻമെന്റ് വിശേഷാൽ ചട്ടങ്ങൾ പ്രകാരവും പീരുമേട് താലൂക്കിലെ ഭൂപതിവ് നടപടികൾ സ്വീകരിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) യെ പരാമർശം (3) പ്രകാരം നിയോഗിക്കുകയുണ്ടായി. തുടർന്ന് ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പീരുമേട് ഭൂമി പതിവ് ഓഫീസിൽ ചുവടെ ചേർക്കുന്ന 29 തസ്തികകളിൽ ഒരു വർഷത്തേയ്ക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് പരാമർശം (4) പ്രകാരം അനുമതി നൽകിയിരുന്നു .

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തഹസിൽദാർ | 1 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ | 2 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 3 |
| 4 | സീനിയർ ക്ലാർക്ക്/എസ്.വി.ഒ. | 8 |
| 5 | ജൂനിയർ ക്ലാർക്ക്/വി.എ. | 5 |
| 6 | ടൈപ്പിസ്റ്റ് | 1 |
| 7 | പ്യൂൺ | 8 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| | ആകെ | 29 |

3. തുടർന്ന് പീരുമേട് എൽ.എ. ഓഫീസിലേയ്ക്ക് ദേവികുളം ഭൂമിപതിവ് സ്പെഷ്യൽ ഓഫീസിലെ ചുവടെ ചേർക്കുന്ന തസ്തികകളിലെ ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കുകയുണ്ടായി.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 2 | വില്ലേജ് ഓഫീസർ | 4 |
| 3 | വില്ലേജ്മാൻ | 4 |
| | ആകെ | 9 |

ടി ജീവനക്കാർ നിലവിൽ പീരുമേട് എൽ.എ. ഓഫീസിൽ സേവനമനുഷ്ഠിച്ച് വരുന്നു. കൂടാതെ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, ഭൂമിപതിവ് സെക്ഷന്റെ

ച്ചുമതല പ്രത്യേകമായി നിർവഹിച്ചു വരുന്നു. മേല്പറഞ്ഞ താല്ക്കാലിക തസ്തികകളിലെ ജീവനക്കാർക്കും ദേവികുളം ഭൂമി പതിവ് സ്പെഷ്യൽ ഓഫീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് മുഖേനയാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിരുന്നത്. തുടർച്ചാനുമതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ 01/10/2022 മുതൽ ടി ജീവനക്കാർക്ക് ശമ്പളം ലഭിക്കാതെയായി.

4. തുടർന്ന് പീരുമേട് ഭൂമി പതിവ് ഓഫീസിൽ പതിവ് ഫയൽ പരിശോധന ഉൾപ്പെടെ 12383 അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുവാൻ ബാക്കി നിൽക്കുന്നു എന്നും പട്ടയ അപേക്ഷകളിൽ പരിശോധനാ നടപടികളും പതിവ് നടപടികളും പീരുമേട് ഭൂമി പതിവ് ഓഫീസ് മുഖേന നിലവിൽ സ്വീകരിച്ചു വരികയാണ് എന്നും ആയതിനാൽ പീരുമേട് താലൂക്കിലെ പതിവ് നടപടികൾ തടസ്സമില്ലാതെ തുടരുന്നതിനും പതിവ് ഫയലുകളിലെ പരിശോധനകൾക്കും ഇനിയും ശേഷിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി പീരുമേട് ഭൂമി പതിവ് ഓഫീസിൽ അനുബന്ധം II ആയി ചേർ ത്തിരിക്കുന്ന 1 9 തസ്തികകൾ ക്ക് 01/04/2023 മുതൽ 3 വർഷത്തേയ്ക്ക് തുടർച്ചാനുമതി അനുവദിക്കണമെന്നും, പ്രസ്തുത ഓഫീസ് 01/01/2017 മുതൽ 31/03/2023 വരെയുള്ള കാലയളവിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ പ്രവർത്തിച്ച കാലയളവ് സാധൂകരിച്ച് നൽകണമെന്നും പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ദേവികുളം ഭൂമി പതിവ് ഓഫീസ് 01/04/2012 മുതൽ 30/09/2022 വരെ തുടർച്ചാനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്നതും, ടി കാലയളവിൽ ടി ഓഫീസിലെ 1 0 തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച നടപടിയും സാധൂകരിച്ച് നൽ കണമെന്നും 31/03/2023 പ്രാബല്യത്തിൽ ടി ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ പ്രസ്തുത തസ്തികകൾക്ക് 01/10/2022 മുതൽ 31/03/2023 വരെയുള്ള കാലയളവിൽ തുടർച്ചാനുമതി അനുവദിക്കണമെന്നും പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ദേവികുളം ഭൂമി പതിവ് ഓഫീസ് 01/04/2012 മുതൽ 30/09/2022 വരെ തുടർച്ചാനുമതി കൂടാതെ പ്രവർത്തിച്ച നടപടിയും പ്രസ്തുത ഓഫീസിലെ അനുബന്ധം I ആയി ചേർത്തിട്ടുള്ള 1 0 താല്ക്കാലിക തസ്തികകളിലെ ജീവനക്കാർക്ക് ടി കാലയളവിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച നടപടിയും, പീരുമേട് ഭൂമി പതിവ് ഓഫീസ് 31/03/2023 വരെ തുടർച്ചാനുമതി കൂടാതെ പ്രവർത്തിച്ച നടപടിയും സാധൂകരിച്ച് ഉത്തരവാകുന്നു.

6. ദേവികുളം ഭൂമി പതിവ് ഓഫീസിലെ അനുബന്ധം I ആയി ചേർത്തിട്ടുള്ള 10

താല്ക്കാലിക തസ്തികകൾക്ക്, 31/03/2023 തീയതി പ്രാബല്യത്തിൽ ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിക്കണം എന്ന വ്യവസ്ഥയിൽ 01/10/2022 മുതൽ 31/03/2023 വരെ തുടർച്ചാനുമതി നൽകിയും, പീരുമേട് ഭൂമി പതിവ് ഓഫീസിലെ അനുബന്ധം II ആയി ചേർത്തിട്ടുള്ള 19 താല്കാലിക തസ്തികകൾക്ക്, സ്പെഷ്യൽ തഹസിൽദാർ - 1, ഡെപ്യൂട്ടി തഹസിൽദാർ - 1, സീനിയർ ക്ലർക്ക്/എസ്.വി.ഒ. - 3, ജൂനിയർ ക്ലർക്ക് /വി.എ. -2, ടൈപ്പിസ്റ്റ് -1, പ്യൂൺ-1 എന്നീ 9 താല്കാലിക തസ്തികകളിൽ ജോലി ക്രമീകരണ വ്യവസ്ഥയിലായിരിക്കണം നിയമനം നടത്തേണ്ടത് എന്ന വ്യവസ്ഥയിൽ 01/04/2023 മുതൽ 31/03/2024 വരെ തുടർച്ചാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (02/08/2023 ലെ E-2368545/EXP-D1/64/2023-FIN നമ്പർ റിമാർക്സ് പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങൾക്ക് നൽകുന്നതിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 25-08-2023 18:41:01
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-08-2023

ഫയൽ നം. REV-T2/315/2022/REV. ഇനം നം: 1746

വിഷയം : റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിലെ ദേവികുളം ഭൂമി പതിവ് ഓഫീസിനും പീരുമേട് ഭൂമി പതിവ് ഓഫീസിനും തുടർച്ചാനുമതി അനുവദിക്കുന്നതും പ്രസ്തുത ഓഫീസുകൾ തുടർച്ചാനുമതിയില്ലാതെ പ്രവർത്തിച്ചതും ടി കാലയളവിൽ ജീവനക്കാർക്ക് ശമ്പളം അനുവദിച്ച തുമായ നടപടി സാധൂകരിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

T3
24/8

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | REV-T2/315/2022-REV |
| 2 | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3 | വിഷയം | ഇടുക്കി ജില്ലയിലെ ദേവികുളം ഭൂമി പതിവ് ഓഫീസിനും പീരുമേട് ഭൂമി പതിവ് ഓഫീസിനും തുടർച്ചാനുമതി അനുവദിക്കുന്നതും പ്രസ്തുത ഓഫീസുകൾ തുടർച്ചാനുമതിയില്ലാതെ പ്രവർത്തിച്ചതും ടി കാലയളവിൽ ജീവനക്കാർക്ക് ശമ്പളം അനുവദിച്ചതുമായ നടപടി സാധൂകരിക്കുന്നതും സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 17.08.2023 |
| 5 | (i) ഇത് സാമ്പത്തികബാദ്ധ്യതയുള്ളതാണോ ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 22.08.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22.08.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22.08.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22.08.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ജില്ലയിലെ ദേവികുളം ഭൂമി പതിവ് ഓഫീസിനും പീരുമേട് ഭൂമി പതിവ് ഓഫീസിനും തുടർച്ചാനുമതി അനുവദിക്കുന്നതും, പ്രസ്തുത ഓഫീസുകൾ തുടർച്ചാനുമതിയില്ലാതെ പ്രവർത്തിച്ചതും ടി കാലയളവിൽ ജീവനക്കാർക്ക് ശമ്പളം അനുവദിച്ചതുമായ നടപടി സാധൂകരിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ഇടുക്കി ജില്ലയിൽ മൂന്നാർ മേഖലയിൽ നിലനിൽക്കുന്ന ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി, 01.01.1977 ന് മുൻപുള്ള വനഭൂമി കൈവശക്കാർക്ക് സുപ്രീംകോടതിയുടെ അനുമതി പ്രകാരം പട്ടയം നൽകുക, വൈദ്യുതി പ്രോജക്ടുകൾക്ക് വേണ്ടി മാറ്റി വയ്ക്കുകയും, പ്രോജക്ടുകൾ ഉപേക്ഷിച്ചതുമൂലം അവശേഷിക്കുന്നതുമായ ഭൂമിയിൽ കുടിയേറി താമസിക്കുന്നവർക്ക് ഭൂമി അളന്ന് തിരിച്ച് പട്ടയം നൽകുക തുടങ്ങി വിവിധ ഉദ്ദേശ്യങ്ങൾക്കായി ദേവികുളം കേന്ദ്രമാക്കി ഒരു ഡെപ്യൂട്ടി കളക്ടറുടെ മേൽനോട്ടത്തിൽ താല്ക്കാലികമായി ഒരു സ്പെഷ്യൽ ലാൻഡ് അസൈൻമെന്റ് ഓഫീസ് രൂപീകരിച്ചുകൊണ്ടും, 2010-11 സാമ്പത്തിക വർഷം മുഴുവൻ ടി ഓഫീസ് പ്രവർത്തിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും പ്രസ്തുത ലാൻഡ് അസൈൻമെന്റ് ഓഫീസിൽ ചുവടെ ചേർക്കുന്ന താല്ക്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും 31.06.2010 ലെ സ.ഉ.(കൈ)നം.201/2010/ആർ.ഡി. പ്രകാരം ഉത്തരവായിരുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അസൈൻമെന്റ്) | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 3 | വില്ലേജ് ഓഫീസർ | 4 |
| 4 | വില്ലേജ്മാൻ | 4 |
| | ആകെ | 10 |

ദേവികുളം ലാൻഡ് അസൈൻമെന്റ് ഓഫീസിന് 31.03.2012 വരെ ഒരു വർഷം കൂടി 01.09.2011 ലെ സ.ഉ.(സാധാ)നം.3749/2011/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം തുടർച്ചാനുമതി നൽകിയിരുന്നു.

3) 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും 1993 ലെ കേരള ലാൻഡ് അസൈൻമെന്റ് വിശേഷാൽ ചട്ടങ്ങൾ പ്രകാരവും പീരുമേട് താലൂക്കിൽ ഭൂപതിവ് നടപടികൾ സ്വീകരിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) യെ 21.08.2015 ലെ സ.ഉ.(കൈ)നം.403/2015/ആർ.ഡി. പ്രകാരം നിയോഗിക്കുകയുണ്ടായി. തുടർന്ന് ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പീരുമേട് ഭൂമി പതിവ് ഓഫീസിൽ ചുവടെ ചേർക്കുന്ന 29 തസ്തികകളിൽ ഒരു വർഷത്തേയ്ക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് 16.12.2015 ലെ സ.ഉ.(സാധാ)നം.6673/2015/ആർ.ഡി. പ്രകാരം അനുമതി നൽകിയിരുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തഹസിൽദാർ | 1 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ | 2 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 3 |
| 4 | സീനിയർ ക്ലാർക്ക്/എസ്.വി.ഒ. | 8 |
| 5 | ജൂനിയർ ക്ലാർക്ക്/വി.എ. | 5 |
| 6 | ടൈപ്പിസ്റ്റ് | 1 |
| 7 | പ്യൂൺ | 8 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| | ആകെ | 29 |

4) തുടർന്ന് പീരുമേട് എൽ.എ. ഓഫീസിലേയ്ക്ക് ദേവികുളം ഭൂമിപതിവ് സ്പെഷ്യൽ ഓഫീസിലെ ചുവടെ ചേർക്കുന്ന തസ്തികകളിലെ ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കുകയുണ്ടായി.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 2 | വില്ലേജ് ഓഫീസർ | 4 |
| 3 | വില്ലേജ് മാൻ | 4 |
| ആകെ | | 9 |

ടി ജീവനക്കാർ നിലവിൽ പീരുമേട് എൽ.എ. ഓഫീസിൽ സേവനമനുഷ്ഠിച്ച് വരുന്നു. കൂടാതെ 31.06.2010 ലെ സ.ഉ.(കൈ)നം.201/2010/ആർ.ഡി. ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, ഭൂമിപതിവ് സെക്ഷന്റെ ചുമതല പ്രത്യേകമായി നിർവഹിച്ചു വരുന്നു. മേല്പറഞ്ഞ 10 താല്ക്കാലിക തസ്തികകളിലെ ജീവനക്കാർക്കും ദേവികുളം ഭൂമി പതിവ് സ്പെഷ്യൽ ഓഫീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് മുഖേനയാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിരുന്നത്. തുടർച്ചാനുമതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ 01/10/2022 മുതൽ ടി ജീവനക്കാർക്ക് ശമ്പളം ലഭിക്കാതെയായി. തുടർന്ന് പീരുമേട് താലൂക്കിലെ പതിവ് നടപടികൾ തടസ്സമില്ലാതെ തുടരുന്നതിനും അവശേഷിക്കുന്ന അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ദേവികുളം ഭൂമി പതിവ് ഓഫീസ് ലാവണമായി പീരുമേട് ഭൂമി പതിവ് ഓഫീസിൽ നിലവിൽ ജോലിചെയ്ത് വരുന്ന 9 തസ്തികകൾക്ക് 01.10.2022 മുതൽ 31.03.2023 വരെ തുടർച്ചാനുമതി നൽകണമെന്നും, പ്രസ്തുത 9 തസ്തികകൾക്കും സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എന്ന തസ്തികയ്ക്കും 30.09.2022 വരെ ശമ്പളം അനുവദിച്ച നടപടി സാധൂകരിക്കണമെന്നും ജില്ലയിലെ ഭൂമി പതിവുമായി ബന്ധപ്പെട്ട വിഷയം പ്രത്യേകമായി കൈകാര്യം ചെയ്യുന്നത് തുടരുന്നതിനായി സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അസൈൻമെന്റ്) എന്ന തസ്തിക ഡെപ്യൂട്ടി കളക്ടർ (ഭൂമി പതിവ്) എന്ന സ്ഥിരം തസ്തികയാക്കി ജില്ലയിൽ

നിലനിർത്തണമെന്നും ആവശ്യപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

5) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം അറിയിച്ചിരുന്നു.

" പീരുമേട് ഭൂമി പതിവ് ഓഫീസിന്റെ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ടുന്ന തസ്തികകൾ മാത്രം കണ്ടെത്തി ശിപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

6) ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പുതുക്കിയ പ്രൊപ്പോസലിൽ, പീരുമേട് ഭൂമി പതിവ് ഓഫീസിൽ പതിവ് ഫയൽ പരിശോധന ഉൾപ്പെടെ 12383 അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുവാൻ ബാക്കി നിൽക്കുന്നു എന്നും പട്ടയ അപേക്ഷകളിൽ പരിശോധനാ നടപടികളും പതിവ് നടപടികളും പീരുമേട് ഭൂമി പതിവ് ഓഫീസ് മുഖേന നിലവിൽ സ്വീകരിച്ചു വരികയാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ പീരുമേട് താലൂക്കിലെ പതിവ് നടപടികൾ തടസ്സമില്ലാതെ തുടരുന്നതിനും പതിവ് ഫയലുകളിലെ പരിശോധനകൾക്കും ഇനിയും ശേഷിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി പീരുമേട് ഭൂമി പതിവ് ഓഫീസിൽ ചുവടെ ചേർക്കുന്ന 19 തസ്തികകൾക്ക് 01/04/2023 മുതൽ 3 വർഷത്തേയ്ക്ക് തുടർച്ചാനുമതി അനുവദിക്കണമെന്നും പ്രസ്തുത ഓഫീസ് 01/01/2017 മുതൽ 31/03/2023 വരെയുള്ള കാലയളവിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ പ്രവർത്തിച്ച കാലയളവ് സാധൂകരിച്ച് നൽകണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അസൈൻമെന്റ് ) | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 3 | ഡെപ്യൂട്ടി തഹസിൽദാർ | 2 |

| | | |
|---|---|---|
| 4 | റവന്യൂ ഇൻസ്പെക്ടർ | 4 |
| 5 | സീനിയർ ക്ലർക്ക് / എസ്.വി.ഒ. | 3 |
| 6 | ജൂനിയർ ക്ലർക്ക് /വി.എ. | 2 |
| 7 | ടൈപ്പിസ്റ്റ് | 1 |
| 8 | വി.എഫ്.എ. | 4 |
| 9 | പ്യൂൺ | 1 |
| | ആകെ | 19 |

കൂടാതെ ദേവികുളം ഭൂമി പതിവ് ഓഫീസ് 01/04/2012 മുതൽ 30/09/2022 വരെ തുടർച്ചാനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്നതും ടി കാലയളവിൽ ടി ഓഫീസിലെ 10 തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച നടപടിയും സാധൂകരിച്ച് നൽകണമെന്നും 31/03/2023 പ്രാബല്യത്തിൽ ടി ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ പ്രസ്തുത തസ്തികകൾക്ക് 01/10/2022 മുതൽ 31/03/2023 വരെയുള്ള കാലയളവിൽ തുടർച്ചാനുമതി അനുവദിക്കണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

7) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"താല്ക്കാലിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് തുടർച്ചാനുമതി നൽകുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിൽ വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാൻ പാടില്ല എന്ന കർശന നിർദ്ദേശം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. ഈ വ്യവസ്ഥയ്ക്ക് വിധേയമായി ദേവികുളം ഭൂമി പതിവ് ഓഫീസിലെ 10 തസ്തികകൾക്കും 01/04/2012 മുതൽ 30/09/2022 വരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച നടപടി സാധൂകരിക്കുന്നതിനും പീരുമേട് ഭൂമി പതിവ് ഓഫീസ് 31/03/2023

വരെ തുടർച്ചാനുമതി കൂടാതെ പ്രവർത്തിച്ച നടപടി സാധൂകരിക്കുന്നതിനും അനുമതി നൽകുന്നു.

31/03/2023 പ്രാബല്യത്തിൽ ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിക്കണം എന്ന വ്യവസ്ഥയിൽ ദേവികുളം ഭൂമി പതിവ് ഓഫീസിലെ 10 തസ്തികകൾക്കും 01/10/2022 മുതൽ 31/03/2023 വരെയുള്ള കാലയളവിൽ തുടർച്ചാനുമതി അനുവദിക്കുന്നു.

പീരുമേട് ഭൂമി പതിവ് ഓഫീസ് പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ ചുവടെ ചേർക്കുന്ന 19 തസ്തികകൾക്ക് 01/04/2023 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി അനുവദിക്കാവുന്നതാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അസൈൻമെന്റ് ) | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 3 | ഡെപ്യൂട്ടി തഹസിൽദാർ | 2 |
| 4 | റവന്യൂ ഇൻസ്പെക്ടർ | 4 |
| 5 | സീനിയർ ക്ലർക്ക് / എസ്.വി.ഒ. | 3 |
| 6 | ജൂനിയർ ക്ലർക്ക് /വി.എ. | 2 |
| 7 | ടൈപ്പിസ്റ്റ് | 1 |
| 8 | വി.എഫ്.എ. | 4 |
| 9 | പ്യൂൺ | 1 |
| | ആകെ | 19 |

മേൽ 19 തസ്തികകളിൽ 9 എണ്ണം (Special Tahsildar -1, Deputy Tahsildar - 1, Sr. Clerk/ S.V.O.-3, Jr clerk/V.A.-2, Typist - 1, Peon -1) ജോലിക്രമീകരണ വ്യവസ്ഥയിൽ ആയിരിക്കണം നിയമിക്കേണ്ടത്. "

8) ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

1) ഇടുക്കി ജില്ലയിലെ ദേവികുളം ഭൂമി പതിവ് ഓഫീസ് 01/04/2012 മുതൽ 30/09/2022 വരെ തുടർച്ചാനുമതി കൂടാതെ പ്രവർത്തിച്ച നടപടിയും പ്രസ്തുത ഓഫീസിലെ അനുബന്ധം I ആയി ചേർത്തിട്ടുള്ള 10 താല്ക്കാലിക തസ്തികകളിലെ ജീവനക്കാർക്ക് ടി കാലയളവിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച നടപടിയും, പീരുമേട് ഭൂമി പതിവ് ഓഫീസ് 31/03/2023 വരെ തുടർച്ചാനുമതി കൂടാതെ പ്രവർത്തിച്ച നടപടിയും സാധൂകരിക്കാമോ?

2) ദേവികുളം ഭൂമി പതിവ് ഓഫീസിലെ അനുബന്ധം I ആയി ചേർത്തിട്ടുള്ള 10 താല്ക്കാലിക തസ്തികകൾക്ക്, 31/03/2023 തീയതി പ്രാബല്യത്തിൽ ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിക്കണം എന്ന വ്യവസ്ഥയിൽ 01/10/2022 മുതൽ 31/03/2023 വരെ തുടർച്ചാനുമതി നൽകാമോ;

3) പീരുമേട് ഭൂമി പതിവ് ഓഫീസിലെ അനുബന്ധം II ആയി ചേർത്തിട്ടുള്ള 19 താല്ക്കാലിക തസ്തികകൾക്ക്, സ്പെഷ്യൽ തഹസിൽദാർ -1, ഡെപ്യൂട്ടി തഹസിൽദാർ - 1, സീനിയർ ക്ലർക്ക്/എസ്.വി.ഒ. - 3, ജൂനിയർ ക്ലർക്ക് /വി.എ. -2, ടൈപ്പിസ്റ്റ് -1, പ്യൂൺ-1 എന്നീ 9 താല്ക്കാലിക തസ്തികകളിൽ ജോലി ക്രമീകരണ വ്യവസ്ഥയിലായിരിക്കണം നിയമനം നടത്തേണ്ടത് എന്ന വ്യവസ്ഥയിൽ 01/04/2023 മുതൽ 31/03/2024 വരെ തുടർച്ചാനുമതി നൽകാമോ?

അനുബന്ധം I

**<u>ദേവികുളം ഭൂമി പതിവ് ഓഫീസിലെ 10 താല്ക്കാലിക തസ്തികകൾ</u>**

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അസൈൻമെന്റ്) | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 3 | വില്ലേജ് ഓഫീസർ | 4 |
| 4 | വില്ലേജ് മാൻ | 4 |
| ആകെ | | 10 |

**അനുബന്ധം II**

## പീരുമേട് ഭൂമി പതിവ് ഓഫീസിലെ 19 താല്ക്കാലിക തസ്തികകൾ

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അസൈൻമെന്റ് ) | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 3 | ഡെപ്യൂട്ടി തഹസിൽദാർ | 2 |
| 4 | റവന്യൂ ഇൻസ്പെക്ടർ | 4 |
| 5 | സീനിയർ ക്ലർക്ക് / എസ്.വി.ഒ. | 3 |
| 6 | ജൂനിയർ ക്ലർക്ക് /വി.എ. | 2 |
| 7 | ടൈപ്പിസ്റ്റ് | 1 |
| 8 | വി.എഫ്.എ. | 4 |
| 9 | പ്യൂൺ | 1 |
| ആകെ | | 19 |

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**NOTE FOR COUNCIL OF MINISTERS**

| | | |
|---|---|---|
| 1. | File Number | REV-T2/315/2022-REV |
| 2. | Department | Revenue (T) Department |
| 3. | Subject | Continuance sanction to Land Assignment Offices at Devikulam and Peerumedu in Idukki district and ratifying the action of allowing the said offices to function without obtaining continuance sanction and granting salary and other benefits to the employees during that period - reg. |
| 4. | Date of Chief Minister order for placing before the Council | 17.08.2023 |
| 5. | (i)Does the case involve financial commitments/implications | Yes |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7. | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8. | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9. | Date of Approval of the Draft Note for the Council by the Principal Secretary | 22.08.2023 |
| 10. | Name of Chief Secretary who approved the Draft Note | Dr. Venu V. |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 22.08.2023 |
| 12. | Name of Minister who approved the Draft Note | Sri. K. Rajan |
| 13. | Date of approval of the Draft Note for the Council by the Minister | 22.08.2023 |
| 14. | Date of submission of fair copies | 22.08.2023 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

This note deals with according continuance sanction to Land Assignment Offices at Devikulam and Peerumedu in Idukki district and ratifying the action of allowing the said offices to function without obtaining continuance sanction and granting salary and other benefits to the employees during that period.

2) In order to sort out the land related problems prevailing at Munnar in Idukki District, Government vide G.O.(Ms)No.201/2010/RD dated 31.06.2010, had set up a Special Land Assignment Office temporarily at Devikulam headed by Deputy Collector for various purposes such as assigning of patta of the forest land to the settlers prior to 01.01.1977 as per the order of Supreme Court, assigning of patta after determining the land to the settlers who had settled in the land identified for the power projects and left over due to the abandonment of the projects, etc. The office was also allowed to function throughout the financial year 2010-11 and the following temporary posts were created in the said Land Assignment Office.

| Sl.No. | Name of Post | Number of posts |
|---|---|---|
| 1 | Special Deputy Collector (Land Assignment) | 1 |
| 2 | Special Tahsildar | 1 |
| 3 | Village Officer | 4 |
| 4 | Villageman | 4 |
| Total | | 10 |

As per G.O.(Rt)No.3749/2011/RD dated 01.09.2011 continuance sanction was accorded for one more year upto 31.03.2012 to the Devikulam Land Assignment Office.

3) As per G.O.(Ms)No.403/2015/RD dated 21.08.2015 Special Tahsildar (LA) Peerumedu was declared as the assigning authority in respect of fresh assignments in Peerumedu Taluk under Kerala Land Assignment Rules 1964 as well as Kerala Land Assignment Special Rules 1993. Subsequently as per G.O.(Rt)No.6673/2015/RD dated 16.12.2015 Government had authorized the Commissioner of Land Revenue to make appointments to the following 29 posts for a period of one year on working arrangement basis in the Special Land Assignment Office at Peerumedu in order to expedite the process of patta assignment at Peerumedu Taluk in Idukki district.

| Sl. No. | Name of Post | Number of posts |
|---|---|---|
| 1 | Tahsildar | 1 |
| 2 | Deputy Tahsildar | 2 |
| 3 | Revenue Inspector | 3 |
| 4 | Senior Clerk/S.V.O. | 8 |
| 5 | Junior Clerk/VA | 5 |
| 6 | Typist | 1 |

| | | |
|---|---|---|
| 7 | Peon | 8 |
| 8 | Part time sweeper | 1 |
| Total | | 29 |

4) Subsequently, the employees assigned to the following posts in Devikulam Land Assignment Special Office have been engaged at the Peerumedu L.A. office on working arrangement basis.

| Sl.No. | Name of Post | Number of Posts |
|---|---|---|
| 1 | Special Tahsildar | 1 |
| 2 | Village Officer | 4 |
| 3 | Villageman | 4 |
| Total | | 9 |

The said employees are still working in the Peerumedu LA office. Moreover, the Special Deputy Collector appointed vide G.O.(Ms)No.201/2010/RD dated 31.06.2010 is carrying out the duty of Land Assignment Section separately. Salary and other benefits were given to the employees engaged in the said 10 temporary posts through the establishment of Devikulam Land Assignment Special Office. But, they have been denied remuneration from October 2022 onwards since they have failed to produce the details with respect to continuance sanction. Subsequently the Land Revenue Commissioner has submitted a proposal seeking continuance sanction for the 9 posts in which employees are still

working in Peerumedu Land Assignment Office for a period from 01.10.2022 to 31.03.2023 by retaining the lien at Devikulam Land Assignment Office inorder to continue the patta assignment works at Peerumedu Taluk without any interruption and to take further action on the pending applications and also requesting ratification for the action of granting salary to the said 9 posts and the post of Special Deputy Collector (Land Assignment) upto 30.09.2022 and requesting for retaining the post of Special Deputy Collector (Land Assignment) as permanent post of Deputy Collector (Land Assingment) in the district inorder to continue dealing with the matters related to patta assignment in the district separately.

5) In this regard, the Finance Department has opined as follows:

> " പീരുമേട് ഭൂമി പതിവ് ഓഫീസിന്റെ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ടുന്ന തസ്തികകൾ മാത്രം കണ്ടെത്തി ശിപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

6) Accordingly, the Commissioner of Land Revenue has submitted a revised proposal, in which he has reported that 12383 applications are pending, including scrutiny of assignment files, for taking further action at Peerumedu Land Assignment Office and scrutiny as well as assignment processes on applications for patta are currently being taken by the said office. Hence, he has requested continuance sanction for the following 19 posts in Peerumedu Land Assignment Office for a period of 3 years from 01/04/2023 for continuing the assignment procedures of Peerumedu Taluk uninterruptedly and scrutiny of the files in respect of Patta assignments and

for taking further action on the pending applications in a time bound manner and requested ratification for the functioning of the said office on working arrangement for a period from 01/01/2017 to 31/03/2023 .

| Sl.No. | Name of Post | Number of Posts |
|---|---|---|
| 1 | Special Deputy Collector (Land Assignment) | 1 |
| 2 | Special Tahsildar | 1 |
| 3 | Deputy Tahsildar | 2 |
| 4 | Revenue Inspector | 4 |
| 5 | Senior Clerk/S.V.O. | 3 |
| 6 | Junior Clerk /V.A. | 2 |
| 7 | Typist | 1 |
| 8 | VFA | 4 |
| 9 | Peon | 1 |
| | Total | 19 |

He has also requested to ratify the action of allowing the Devikulam Special Land Assignment Office to function from 01/04/2012 to 30/09/2022 without any continuance sanction and paying salary and other benefits to the employees who have worked in the 10 posts in the said office during that period and requested sanction for the continuance of the

said office with effect from 01/10/2022 to 31/03/2023 subject to the condition that the operation of the said office will be terminated with effect from 31/03/2023.

7) In this regard, the Finance Department has opined as follows:

"താല്ക്കാലിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് തുടർച്ചാനുമതി നൽകുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിൽ വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാൻ പാടില്ല എന്ന കർശന നിർദ്ദേശം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. ഈ വ്യവസ്ഥയ്ക്ക് വിധേയമായി ദേവികുളം ഭൂമി പതിവ് ഓഫീസിലെ 10 തസ്തികകൾക്കും 01/04/2012 മുതൽ 30/09/2022 വരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച നടപടി സാധൂകരിക്കുന്നതിനും പീരുമേട് ഭൂമി പതിവ് ഓഫീസ് 31/03/2023 വരെ തുടർച്ചാനുമതി കൂടാതെ പ്രവർത്തിച്ച നടപടി സാധൂകരിക്കുന്നതിനും അനുമതി നൽകുന്നു.

31/03/2023 പ്രാബല്യത്തിൽ ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിക്കണം എന്ന വ്യവസ്ഥയിൽ ദേവികുളം ഭൂമി പതിവ് ഓഫീസിലെ 10 തസ്തികകൾക്കും 01/10/2022 മുതൽ 31/03/2023 വരെയുള്ള കാലയളവിൽ തുടർച്ചാനുമതി അനുവദിക്കുന്നു.

പീരുമേട് ഭൂമി പതിവ് ഓഫീസ് പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ ചുവടെ ചേർക്കുന്ന 19 തസ്തികകൾക്ക് 01/04/2023 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി അനുവദിക്കാവുന്നതാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അസൈൻമെന്റ് ) | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 3 | ഡെപ്യൂട്ടി തഹസിൽദാർ | 2 |

| | | |
|---|---|---|
| 4 | റവന്യൂ ഇൻസ്പെക്ടർ | 4 |
| 5 | സീനിയർ ക്ലർക്ക് / എസ്.വി.ഒ. | 3 |
| 6 | ജൂനിയർ ക്ലർക്ക് /വി.എ. | 2 |
| 7 | ടൈപ്പിസ്റ്റ് | 1 |
| 8 | വി.എഫ്.എ. | 4 |
| 9 | പ്യൂൺ | 1 |
| | ആകെ | 19 |

മേൽ 19 തസ്തികകളിൽ 9 എണ്ണം (Special Tahsildar -1, Deputy Tahsildar - 1, Sr. Clerk/ S.V.O.-3, Jr clerk/V.A.-2, Typist - 1, Peon -1) ജോലിക്രമീകരണ വ്യവസ്ഥയിൽ ആയിരിക്കണം നിയമിക്കേണ്ടത്. "

8) When circulated for taking orders in the matter, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Points for Decision**

1) Whether the action in having allowed the Devikulam Land Assignment Office in Idukki District to function from 01/04/2012 to 30/09/2022 without obtaining continuance sanction and granting salary and other benefits to the employees who have worked in the 10 temporary posts annexed to this note as Annexure I in the said office during that period and the functioning of Peerumedu Land Assignment Office till 31/03/2023 without continuance sanction may be ratified;

2) Whether sanction may be accorded for the continuance of the 10 temporary posts annexed to this note as Annexure I in the Devikulam Land Assignment Office from 01/10/2022 to 31/03/2023 subject to the condition that the said office will be wound up with effect from 31/03/2023;

3) Whether sanction may be accorded for the continuance of the 19 temporary posts annexed to this note as Annexure II in Peerumedu Land Assignment Office, from 01/04/2023 to 31/03/2024 subject to the condition that the appointment of 9 temporary posts viz Special Tahsildar-1, Deputy Tahsildar-1, Senior Clerk/S.V.O. - 3, Junior Clerk /V.A. -2, Typist-1, Peon -1 shall be made on working arrangement basis ?

Annexure I

**10 temporary posts in Devikulam Land Assignment Office**

| Sl.No. | Name of Post | Number of posts |
|---|---|---|
| 1 | Special Deputy Collector (Land Assignment) | 1 |
| 2 | Special Tahsildar | 1 |
| 3 | Village Officer | 4 |
| 4 | Villageman | 4 |
| Total | | 10 |

**Annexure II**

**19 temporary posts in Peerumedu Land Assignment Office**

| Sl.No. | Name of Post | Number of Posts |
|---|---|---|
| 1 | Special Deputy Collector (Land Assignment) | 1 |
| 2 | Special Tahsildar | 1 |
| 3 | Deputy Tahsildar | 2 |
| 4 | Revenue Inspector | 4 |
| 5 | Senior Clerk/SVO | 3 |
| 6 | Junior Clerk /VA | 2 |
| 7 | Typist | 1 |
| 8 | VFA | 4 |
| 9 | Peon | 1 |
| Total | | 19 |